**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3059** **25-06-2024 - ൽ മറുപടിയ്ക്ക്**

**അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ പുനർനിർമ്മിക്കുന്നതിന് സർക്കാർ വായ്പ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാനദണ്ഡപ്രകാരമാണ് വായ്പ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എത്രപേർക്ക് ഇത്തരത്തിലുള്ള സഹായം അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ? | (എ) | അപകടത്തിൽപ്പെട്ട് തകരുന്ന മത്സ്യബന്ധന യാനങ്ങൾ പുനർനിർമ്മിക്കുന്നതിന് നിലവിൽ വായ്പകൾ ഒന്നും തന്നെ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നില്ല.<br><br>എന്നാൽ അപകടത്തിൽപ്പെട്ട് ഭാഗിക നഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMDRF) നിന്നും 08/02/2020 ലെ സ.ഉ.(കൈ)നം.48/2020/ റവ. ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000/- രൂപവരെയും (ഒരു ലക്ഷം രൂപ), പൂർണ നഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 2,00,000/- രൂപ വരെയും (രണ്ട് ലക്ഷം രൂപ) നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br><br>കൂടാതെ 18/06/2023 ലെ സ.ഉ.(കൈ)നം.6/2023/DMD ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF) നിന്നും ഭാഗിക നഷ്ടം സംഭവിച്ച മത്സ്യബന്ധനയാനങ്ങൾക്ക് പരമാവധി 6000/- രൂപയും (ആറായിരം രൂപ), പൂർണ നഷ്ടം സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്ക് 15000/- രൂപയും (പതിനയ്യായിരം രൂപ) നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br>മാത്രമല്ല ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളതും അപകടസമയത്ത് സാധുവായ ഇൻഷ്വറൻസ് കവറേജ് ഉള്ളതുമായ മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ